## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.565 24.01.2018-ലെ മറുപടിക്ക്**

# മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ

| | ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി: | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി അലോട്ട് ചെയ്യുന്നതും, അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ അധീനതയിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥലവും സൗകര്യവുമുപയോഗിച്ച് വ്യവസായം തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. വ്യവസായ വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനരഹിതമായി കിടന്ന സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുകയും, പ്രവർത്തനരഹിതമായവ തിരിച്ചെടുത്ത് അനുയോജ്യരായ സംരംഭകർക്ക് സീനിയോറിറ്റി ലിസ്റ്റിലെ ക്രമം അനുസരിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമറിയിച്ച് വരുന്ന സംരംഭകർക്ക് വ്യവസായ വകുപ്പ് വഴി ആവശ്യമായ സഹായങ്ങൾ നൽകി വരുന്നുണ്ട്. വ്യവസായ എസ്റ്റേറ്റുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം സംരംഭകരെ അറിയിക്കുന്നതിൽ ശ്രദ്ധ ചെലുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ